കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദനം

*4 [871] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, വർക്കല കഹാർ:
,, എ. കെ. മണി:
,, പി. ജെ. ജോയി:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന എത്ര സ്ഥലങ്ങൾ കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്;

(സി) ഈ സ്ഥലങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഡി) ഈ സ്ഥലങ്ങളിൽനിന്ന് ഒട്ടാകെ എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും;

(ഇ) കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് നഷ്ടമാണോ;

(എഫ്) കാറ്റിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്ത് ചെലവു വരും?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്.

(ബി) 16 സ്ഥലങ്ങൾ അനർട്ട് കണ്ടെത്തിയിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിനടുത്ത് കുരുവിക്കാനം എന്ന സ്ഥലത്ത് ഒരു ഡെമോൺസ്ട്രേഷൻ പ്ലാന്റ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകി കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്ന കാര്യം അനർട്ട് പരിശോധിച്ചു വരികയാണ്.

(ഡി) 605 മെഗാവാട്ട്.

(ഇ, എഫ്) ഇത്തരം വൈദ്യുത പദ്ധതികൾക്ക് ആരംഭത്തിലുള്ള മുതൽമുടക്ക്, അതായത് ഭൂമിയുടെ വില, ജനറേറ്റർ, ടവർ, ബ്ലേഡ് എന്നിവയുടെ ഫിക്സഡ് കോസ്റ്റ് ഇനത്തിൽ 1 മെഗാവാട്ടിന് ഏതാണ്ട് 4.5 കോടി രൂപ വരെ വേണ്ടിവരും എന്നാണ് അനർട്ട് കണക്കാക്കിയിട്ടുള്ളത്. തുടർന്ന് നടത്തുവാൻ ചെലവ് ആവശ്യമില്ല. വൈദ്യുതി ബോർഡിന്റെ പാലക്കാട്ടെ കഞ്ചിക്കോട്ടുള്ള നിലയത്തിൽ ഉൽപ്പാദിപ്പിച്ച വൈദ്യുതിക്ക് 2002-03-ൽ യൂണിറ്റൊന്നിന് 4 രൂപ 60 പൈസയാണ് ചെലവ്.

LIBRARY ARCHIVES Kerala Legislative Assembly